പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4934 01/07/13-ൽ മറുപടിക്ക്

**അലങ്കാര മത്സ്യകൃഷി യൂണിറ്റുകളുടെ സബ്സിഡി വിതരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>„ വർക്കല കഹാർ :<br>„ തേറമ്പിൽ രാമകൃഷ്ണൻ :<br>„ പാലോട് രവി : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) പട്ടികജാതി വനിതകൾക്ക് വീട്ടു വളപ്പിലെ പൂർത്തീകരിച്ച അലങ്കാര മത്സ്യകൃഷി യൂണിറ്റുകളുടെ സബ്സിഡി വിതരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കോട്ടയം,പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ സബ്സിഡി തുക വിതരണം പ്രാരംഭഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ച യൂണിറ്റുകൾക്ക് തദനുസൃതമായി സബ്സിഡി തുക വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) പട്ടികജാതി വനിതകൾക്ക് അലങ്കാര മത്സ്യകൃഷി പദ്ധതി വഴി സ്വയം തൊഴിൽ കണ്ടെത്തുകയും അതുവഴി വരുമാന മാർഗ്ഗം കണ്ടെത്തി സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുകയും ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ ജലാശയം,ഭൂമി തുടങ്ങിയ പ്രകൃതിദത്ത വിഭവങ്ങളുടെ ദോഷകരമല്ലാത്ത വിനിയോഗം സാദ്ധ്യമാക്കുകയും പ്രാദേശിക അലങ്കാര മത്സ്യമാർക്കറ്റിംഗ് വളർത്തിയെടുക്കുകയും ചെയ്യുന്നു. |

| | |
|---|---|
| (സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) അടങ്കൽ തുകയുടെ 50% സബ്സിഡിയായി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകുന്നു. കൂടാതെ ടി ഗ്രൂപ്പിലെ അംഗങ്ങൾക്ക് അലങ്കാര മത്സ്യ കൃഷിയിൽ ഏർപ്പെടുന്നതിനായുള്ള സാങ്കേതിക പരിശീലനം മത്സ്യകർഷക വികസന ഏജൻസി മുഖേന സൗജന്യമായി നൽകുന്നു. അലങ്കാര മത്സ്യങ്ങളുടെ മാർക്കറ്റിംഗ് സൗകര്യം 'കാവിൽ' (കേരള അക്വാവെഞ്ചേഴ്സ് ഇന്റർ നാഷണൽ ലിമിറ്റഡ്) ഗുണഭോക്താക്കൾക്ക് ഏർപ്പെടുത്തുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) ജില്ലകളിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകൾക്ക് സാങ്കേതിക പരിശീലനം നൽകി ടി ഗ്രൂപ്പുകളുടെ യൂണിറ്റ് പ്രവർത്തന പുരോഗതി വിലയിരുത്തി പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെ സബ്സിഡി തുക വിതരണം ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ